**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം ജില്ലയിലെ കല്ലറ(വൈക്കം) ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 67500/- (അറുപത്തേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1744/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 13/08/2019**

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 11/04/2016-ലെ എം3- 8351/16 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 07/12/2016 ലെ കെ എസ് എ/5574/ പി റ്റി 1/2016 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം എം.എൻ. ലക്ഷം വീട് ഭവന പദ്ധതിയിൽ വികസന ഫണ്ട് വകയിരുത്തി പ്രോജക്റ്റ് നടപ്പിലാക്കിയത് ക്രമവിരുദ്ധമായതിനാൽ ഈയിനത്തിൽ ചെലവഴിച്ച 67500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. ഭവന നിർമ്മാണ ബോർഡിൽ നിന്നും 100% തുക സബ് സിഡി ലഭിക്കാത്ത സാഹചര്യത്തിലും, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിലുമാണ്, 5 പേർക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടി വന്നതെന്നും തികച്ചും നിർധനരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ സർക്കാർ സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) ഭവന നിർമ്മാണ ബോർഡിൽ നിന്നും 100% തുക സബ് സിഡി ലഭിക്കാത്ത സാഹചര്യത്തിലും, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിലുമാണ്, 5 പേർക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടി വന്നതെന്നും, 06/02/2015 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തുക ചിലവഴിച്ചത് എന്ന വസ്തുത കണക്കിലെടുത്തു സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് പരാമർശം(2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് കമ്മറ്റിയുടെ 06/02/2015 ലെ IV (1)-ാം നമ്പർ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 14/01/2016 ലെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശ എന്നിവ പരിഗണിച്ച്, കോട്ടയം ജില്ലയിലെ കല്ലറ(വൈക്കം) ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 67500/- (അറുപത്തേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

സെക്രട്ടറി, കല്ലറ(വൈക്കം) ഗ്രാമപഞ്ചായത്ത്, കോട്ടയം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**